# അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ്
# (എ.കെ.ജി.സി.ടി.)
# സംസ്ഥാന പ്രവർത്തക സമിതി യോഗം SWC 13/2020
# 18.02.2021 എ.കെ.ജി.സി.ടി. ഭവൻ

## മിനിട്സ്

**അജണ്ട**

1. അനുശോചനം
2. ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിങ്
3. ജില്ലാ റിപ്പോർട്ടിങ്
4. സംസ്ഥാനസമ്മേളനം
5. മറ്റ് കാര്യങ്ങൾ

**ഹാജർ**

ഡോ. എം. സത്യൻ, ഡോ. എൻ. മനോജ്, ഡോ. ഇമ്പിച്ചിക്കോയ കൗടൃമാക്കനകം, ഡോ. വിനു ഭാസ്കർ, ഡോ. മുഹമ്മദ് റഫീഖ്, ഡോ. പ്രിൻസ് പി. ആർ., ഡോ. സുനിൽ വി. ടി., ഡോ. മാണിക്യരാജ് കെ, സൗമ്യ എസ്., ഡോ. ഷജില ബീവി, ഡോ. ഷാനവാസ് പി. എച്ച്, ശശി സി. ടി., ഡോ. ബേബി ഷീബ, സോബിൻ വർഗീസ് എം വി, രഘുദാസ് പി. വി., ഡോ. സഞ്ചയ്കുമാർ എസ്. എച്., രഞ്ജിത് മോഹൻ പി., ഡോ. അനൂപ് ജെ. ആലക്കപ്പള്ളി, ഡോ. എ. ബാലകൃഷ്ണൻ, ഡോ. ആനന്ദ് ദിലീപ് രാജ്, ഡോ. ഗ്രേഷ്യസ് ജെ., ഡോ. വിഷ്ണു വി.എസ്., ഡോ. റോസ്നികസ് പി. കെ., ഡോ. എം. എ. അസ്കർ, ഡോ. സെനോ ജോസ്, ഡോ. റിജുലാൽ ജി., ഡോ. രാജു. എം. സി, ജയരാജ് ജെ.

ഉച്ചക്ക് 1.30ന് എ.കെ.ജി.സി.ടി. ഭവനിൽ ചേർന്ന യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് ഡോ. എം. സത്യൻ ആധ്യക്ഷം വഹിച്ചു. സംസ്ഥാന വൈസ് പ്രസിഡണ്ട് ഡോ. ഇമ്പിച്ചിക്കോയ കൗടൃമാക്കനകം അനുശോചന പ്രമേയം അവതരിപ്പിച്ചു.

**അനുശോചനം**

കവി അനിൽ പനച്ചൂരാൻ, മുൻമന്ത്രി കെ കെ രാമചന്ദ്രൻ, മുൻ കേന്ദ്രമന്ത്രി മാധവ് സിങ്ങ് സോളങ്കി, നാടക ചലച്ചിത്ര അഭിനേതാവ് കെ പി എസ് കുറുപ്പ് ചലച്ചിത്രതാരവും ഡബ്ബിംഗ് ആർട്ടിസ്റ്റുമായ പാലാ തങ്കം, സാഹിത്യകാരൻ വേദ് മേത്ത, കോങ്ങാട് എംഎൽഎ കെ വി വിജയദാസ്, സംഗീതജ്ഞൻ പദ്മവിഭൂഷൺ ഉസ്താദ് ഗുലാം മുസ്തഫ, ചലച്ചിത്രതാരം പി.വി. ഉണ്ണി കൃഷ്ണൻ നമ്പൂതിരി, കേരള വ്യവസായി സി.വി ജേക്കബ്, ഗായകൻ എം എസ് നസീം, കർഷകസമരത്തിനിടയിൽ ജീവൻ നഷ്ടപെട്ട കർഷകർ, ഉത്തരാഖണ്ഡ് പ്രളയത്തിൽ ജീവൻ നഷ്ടപ്പെട്ടവർ, കോവിഡ് മഹാമാരിയിൽപ്പെട്ടു നമ്മെ വിട്ടുപോയ അനേകായിരങ്ങൾ, തുടങ്ങിയവരുടെ നിര്യാണത്തിൽ കമ്മിറ്റി അനുശോചനം രേഖപ്പെടുത്തുന്നു.

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്**

സുഹൃത്തുക്കളെ, കഴിഞ്ഞ സംസ്ഥാനസമ്മേളനത്തിന് ശേഷം കോവിഡിന്റെ പ്രത്യേക സാഹചര്യത്തിൽ 12 സംസ്ഥാന സമിതി യോഗങ്ങളും ഓൺലൈനായാണ് നമ്മൾ ചേർന്നത്. ആദ്യമായിട്ടാണ് നമ്മൾ എ.കെ.ജി.സി.ടി. ഭവനിൽ സംസ്ഥാനസമിതി ചേരുന്നത്. ഏഴാം ശമ്പള പ്രരിഷ്കരണവുമായി

ബന്ധപെട്ട് എല്ലാവിധ അപാകതകളും പരിഹരിച്ചുകൊണ്ടു ജനുവരി 23ന് ഉത്തരവിറങ്ങി. ഇത് നടപ്പാക്കി എടുക്കുന്നതിൽ നമ്മുടെ സംഘടനയുടെ പങ്ക് ഏറെ വലുതാണ്. പരിഷ്ക്കരിച്ച ശമ്പളം ലഭിക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ സ്പാർക്കിൽ സമയബന്ധിതമായി നടന്നുവരുന്നു. എത്രയും വേഗം അദ്ധ്യാപകർക്ക് പരിഷ്ക്കരിച്ച ശമ്പളം ലഭിക്കുന്നതാണ്. സംഘശബ്ദം നൊബേൽ പതിപ്പ് 13.02.2021ന് അച്ചടി പൂർത്തീകരിച്ച് യൂണിറ്റുകളിലേക്ക് അയക്കുകയുണ്ടായി.

കണ്ണൂർ സർവകലാശാല അക്കാഡമിക്ക് കൗൺസിൽ തിരഞ്ഞെടുപ്പിൽ എ.കെ.ജി.സി.ടി., എ.കെ.പി.സി.ടി.എ., കെ.യു.ടി.സി. സ്ഥാനാർത്ഥികൾ അഭിമാനകരമായ വിജയം നേടി. അടുത്ത മാസം കേരള സർവകലാശാല അക്കാഡമിക് കൗൺസിലിലേക്കു തിരഞ്ഞെടുപ്പ് നടക്കുകയാണ്. മുഴുവൻ സീറ്റിലും വിജയം ഉറപ്പിക്കാനുള്ള ചിട്ടയായ പ്രവർത്തനം വരും ദിവസങ്ങളിൽ ഏറ്റെടുത്തു നടത്തേണ്ടതുണ്ട്.

രാജ്യത്തെ കാർഷിക മേഖല സംരക്ഷിക്കുന്നതിനു വേണ്ടി നടത്തിവരുന്ന കർഷകപ്രക്ഷോഭം 86 ദിവസം പിന്നിട്ടിരിക്കുകയാണ്. പ്രസ്തുത സമരത്തിന് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് നമ്മൾ സമാഹരിച്ച 2,26,080/- രൂപ 11.02.2021ന് പാളയത്തെ സമരപന്തലിൽ വച്ച് കർഷകസംഘം സംസ്ഥാന വൈസ് പ്രസിഡന്റും മുൻ നിയമസഭാ സ്പീക്കറുമായ ശ്രീ. എം. വിജയകുമാറിന് കൈമാറി. ഇതോടനുബന്ധിച്ചു തിരുവനന്തപുരം ജില്ലാ കമ്മറ്റി സംഘടിപ്പിച്ച ഹാർമണിയുടെ സംഗീത സായാഹ്നവും നടന്നു.

ഇടുക്കി ജില്ലയിലെ മൂന്ന് കോളേജുകൾക്കും, വയനാട് ജില്ലയിലെ കല്പറ്റ, മാനന്തവാടി കോളേജുകൾക്കും സയൻസ് കോഴ്സുകൾ അനുവദിച്ചുകൊണ്ട് സർക്കാർ 17.02.2021ന് ഉത്തരവിറക്കുകയുണ്ടായി. ഇത് തോട്ടം മേഖലയിലെ സാധാരണക്കാരുടെ മക്കൾക്ക് ഉന്നതവിദ്യാഭ്യാസം നേടുന്നതിന് ഏറെ സഹായകരമാണ്. സർക്കാരിന്റെ ഈ തീരുമാനത്തെ സംസ്ഥാന സമിതി സ്വാഗതം ചെയ്യുന്നു.

പ്രിൻസിപ്പൽ നിയമന കാര്യത്തിൽ സംഘടന വേണ്ട ഇടപെടൽ നടത്തി വരുന്നു. പുതുതായി ചുമതലയേറ്റ ഉന്നതവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി യുമായി ഈ വിഷയം ചർച്ച ചെയ്തു. മഹാരാജാസ് കോളേജിലെ രണ്ടു കോഴ്സുകളും റെഗുലറൈസ് ചെയ്യുന്നതിന് വേണ്ട ഇടപെടൽ സംഘടന നടത്തി വരുന്നു. സംഗീത കോളേജ് അധ്യാപകാർക്ക് യു.ജി.സി. അനുവദിക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ സെക്രട്ടേറിയറ്റ് ഫിനാൻസ് വകുപ്പിൽ എത്തിയിട്ടുണ്ട്. അറബി അധ്യാപകരുടെ സർവീസ് ബ്രേക്ക് പരിഹരിക്കുന്ന കാര്യത്തിലും, ഫിസിക്കൽ എഡ്യൂക്കേഷൻ അധ്യാപക നിയമനവുമായി ബന്ധപെട്ട ഉത്തരവിലെ അപാകതകൾ പരിഹരിക്കുന്നതിനും വേണ്ട ഇടപെടൽ നമ്മൾ നടത്തിവരുന്നു. അസ്സോസിയേറ്റ് പ്രൊഫസർമാരുടെ പ്ലെയിസ്മെന്റുമായി ബന്ധപ്പെട്ട സ്ക്രീനിംഗ് കമ്മിറ്റി ഫെബ്രുവരി 19, 20 തീയതികളിൽ നടത്താൻ സംഘടനാ ഇടപെടലിനെ തുടർന്ന് ഡയറക്ടർ തീരുമാനമെടുക്കുകയുണ്ടായി. 2021ലെ പൊതു സ്ഥലംമാറ്റം സംബന്ധിച്ചുള്ള സർക്കുലർ ഈ മാസം 12ന് ഇറങ്ങുകയുണ്ടായി. സംഘടനയുടെ അറുപത്തിമൂന്നാം സംസ്ഥാന സമ്മേളനം നടത്തുന്നതുമായി ബന്ധപ്പെട്ട വിശദമായ ചർച്ചയും തീരുമാനവും ഇന്നത്തെ കമ്മിറ്റിയിൽ എടുക്കേണ്ടതുണ്ട്.

തുടർന്ന് ജില്ലാസെക്രട്ടറിമാർ ജില്ലാറിപ്പോർട്ടിംഗ് നടത്തി. ഈ റിപ്പോർട്ടു കൾക്കുമേൽ വിശദമായ ചർച്ച നടന്നു. തുടർന്ന് അജണ്ട തിരിച്ചുള്ള വിഷയ ങ്ങളിൽ ചർച്ച നടന്നു. ചർച്ചയിൽ എല്ലാ പ്രവർത്തകസമിതി അംഗങ്ങളും സജീവമായി പങ്കെടുത്തു. അതിനുശേഷം ജനറൽസെക്രട്ടറി മറുപടി നൽകി. ഇതിനെത്തുടർന്ന് താഴെപ്പറയുന്ന തീരുമാനങ്ങളെടുത്തു.

**തീരുമാനങ്ങൾ**

1. മാർച്ച് 13ന് തിരുവനന്തപുരത്തു വച്ച് സംഘടനയുടെ അറുപത്തിമൂന്നാം സംസ്ഥാന സമ്മേളനം നടത്തുവാനും ജനറൽ കൺവീനറുടെ ചുമതല തിരുവനന്തപുരം ജില്ലാ സെക്രട്ടറി ഡോ. എ. ബാലകൃഷ്ണന് നൽകുവാനും തീരുമാനിച്ചു.
2. യാത്രയപ്പ് സമ്മേളനം സംസ്ഥനസമ്മേളനത്തിന് ശേഷം എറണാകുളത്തു വച്ച് നടത്താൻ തീരുമാനിച്ചു.
3. സമ്മേളന ഫണ്ടായി 1000/- രൂപ വീതം അംഗങ്ങളിൽ നിന്നും സമാഹരിക്കാൻ തീരുമാനിച്ചു.
4. സമ്മേളനവുമായി ബന്ധപെട്ട് എല്ലാ ജില്ലയിലും അനുബന്ധ പരിപാടികൾ നടത്തുവാൻ തീരുമാനിച്ചു.
5. മാർച്ച് മൂന്നിന് പതാകദിനം ആചരിക്കാൻ തീരുമാനിച്ചു.
6. മ്യൂസിക് കോളേജ് അദ്ധ്യാപകർക്ക് യു.ജി.സി. നൽകൽ, എറണാകുളം മഹാരാജാസ് കോളേജിലെ രണ്ടു കോഴ്സുകൾ റെഗുലറൈസ് ചെയ്യുക, അറബിക് അധ്യാപകരുടെ സർവീസ് സംബന്ധമായ പ്രശനം, ഫിസികൽ എഡ്യൂക്കേഷൻ അധ്യാപകനിയമനവുമായി ബന്ധപ്പെട്ട അപാകത - ഇവ പരിഹരിക്കുന്നതിനുള്ള സജീവ ഇടപെടൽ സംഘടന നടത്തും.

യോഗം വൈകിട്ട് 4 മണിക്ക് അവസാനിച്ചു

അഭിവാദ്യങ്ങളോടെ

തിരുവനന്തപുരം — ഡോ. എൻ. മനോജ്

18-02-2021 — ജനറൽ സെക്രട്ടറി